The amendment moved by Sri P. R. Sivan was by leave withdrawn.

The question that the Kerala Shops and Commercial Establishments (Amendment) Bill, 1979 be taken into consideration was put and carried.

The motion was adopted and the Bill was taken into consideration.

Clause 2

The question that clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 1 Preamble and Title

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I move that the Kerala Shops and Commerical Establishments (Amendement) Bill, 1979 may be finally passed.

Minister for Education **(Sri C. H. Mohamed Koya):** Sir, I second it.

The question that the Kerala Shops and Commercial Establishments (Amendment) Bill, 1979 be finally passed was put and carried.

The motion was adopted and the Bill was finally passsed.

1969-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി ബിൽ)

Minister for Education **(Sri C. H. Mohamed Koya):** Sir I introduce the University Laws (Second Amendment) Bill, 1979.

Mr. Deputy Speaker: The Bill stands introduced.

Sri C. H. Mohamed Koya: Sir I move that the Bill be taken into consideration.

Minister for Labour and Housing **(Sir M. K. Raghavan):** Sir, I second it.

വിദ്യാഭ്യാസവകുപ്പ് മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): [11 a.m.] സർ, 1977-ൽ നടപ്പാക്കിയ അമെൻറുമെൻറ് കൊണ്ട് പ്രൈവറ്റ് കോളേജിലും ഗവൺമെൻറ് കോളേജുകളിലും പ്രവർത്തിക്കുന്ന പ്രിൻസിപ്പാൾമാർ, ടീച്ചർമാർ, നോൺടീച്ചിംഗ് സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly

എന്നീ വിഭാഗങ്ങളെ സെനറ്റിൽ പ്രതിനിധീകരിക്കുന്നവർ ഒരു യൂണിവേഴ്സിറ്റിയിൽനിന്ന് മറ്റൊരു യൂണിവേഴ്സിറ്റിയിലേക്ക് സ്ഥലം മാറിയാലും അവരുടെ അംഗത്വം നഷ്ടപ്പെടുന്നില്ല. എന്നാൽ ഈ അദ്ധ്യാപകർതന്നെയായാലും ശരി അല്ലാത്തവരായാലും ശരി രജിസ്ട്രേഡ് ഗ്രാഡ്വേറ്റ്സ് സ്ഥലം മാറുകയാണെങ്കിൽ അംഗത്വം നഷ്ടപ്പെടുന്നതാണ്. അദ്ധ്യാപകർതന്നെ രജിസ്ട്രേഡ് ഗ്രാഡ്വേറ്റ്സായി മൽസരിക്കും; ജയിക്കും. ജയിച്ചാൽ മാനേജ്മെൻറിന് അവരെ മാറ്റി സെനറ്റ് അംഗത്വം നഷ്ടപ്പെടുത്താവുന്നതാണ്. ഈ ചെറിയ അനോമലി തീർക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ ഈ സഭ പാസാക്കിത്തരണമെന്നു വിനയാന്വിതനായി ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സേവ്യർ അറയ്ക്കൽ: Sir, I move that the University Laws (Second Amendment) Bill, 1979 be circulated for eliciting public opinion till December 30, 1979.

സർ, ഈ ബില്ലവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഉദ്ദേശത്തെക്കുറിച്ചുവിടെ പറഞ്ഞു. ഇതിന്റെ സ്റ്റേറ്റ്മെൻറ് ഓഫ് ഓബ്ജക്ട്സ് ആൻറ് റീസൺസിൽ പറയുന്നത്. No member nominated or elected to the Senate in his capacity as a member of a particular body or as the holder of a particular office shall hold office for a longer period than three months after he has ceased to be such member or holder of such office unless in the meanwhile he again becomes a member of that body or holder of that office എന്നാണ്. അപ്പോൾ ഈ പോസ്റ്റ് കൊടുക്കുന്നത് ഒരു പ്രത്യേക ആഫീസിനുവേണ്ടിയാണ്. ഒരു വ്യക്തിക്കുവേണ്ടിയല്ല. അങ്ങനെയാണെങ്കിൽ ആ ആഫീസിൽ ആരുതന്നെ വന്നാലും അവർക്കുതന്നെ കൊടുക്കണമെന്നാണ് എനിക്ക് മന്ത്രിയോടും സഭയോടും അഭ്യർത്ഥിക്കാനുള്ളത്. ജൂറിസ്ഡിക്ഷനു വെളിയിൽ പോയാൽ ആ ആഫീസിലുള്ള പോസ്റ്റ് അവിടെ നിർത്തിക്കൊണ്ട് വേറൊരാൾക്കു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അല്ലാതെ ആ ജൂറിസ്ഡിക്ഷനിൽനിന്നു മാറിക്കഴിഞ്ഞാൽ പിന്നെയും അതു നിലനിൽക്കുമെന്ന് പറയുന്നതിൽ അപാകതയുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. എന്തിനുവേണ്ടിയാണ് സെനറ്റിലേക്ക് ആളെ എടുക്കുന്നതെന്ന കാര്യം കൂലങ്കഷമായി ചർച്ചചെയ്യേണ്ടതുണ്ട്. നമ്മുടെ വിദ്യാഭ്യാസം ഇന്നൊരു പ്രൊട്ടക്ടഡ് ഇൻഡസ്ട്രി എന്ന നിലയിൽ താണിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ഹയർ എഡ്യൂക്കേഷൻ രംഗത്ത് വേണ്ടത്ര പുരോഗതി, അഭിമാനിക്കത്തക്ക പുരോഗതി ഉണ്ടെന്നു ഞാൻ പറയുന്നില്ല. പത്തുപതിമൂന്നുകൊല്ലം ഈ വകുപ്പു കൈകാര്യം ചെയ്ത ബഹുമാനപ്പെട്ട മന്ത്രിക്ക് അതിലുള്ള എല്ലാ ന്യൂനതകളെയും കുറിച്ച് പൂർണ്ണ ബോദ്ധ്യമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. പ്രൊട്ടക്ടഡ് ഇൻഡസ്ട്രി എന്ന വ്യാഖ്യാനത്തിൽനിന്നു രക്ഷപ്പെടണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. കോഠാരിക്കമ്മീഷനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഞാൻ ആദ്യം പറഞ്ഞതിതാണ്. It is, therefore, considered necessary to amend the said Acts to provide that a person elected to the Senate from the registered graduates constituency shall not lose his membership merely on the ground that he has ceased to be employed or normally resident within the territorial limits of the University. ഒരു ഉദാഹരണം പറയാം. ഒരാൾ റിസൈൻ ചെയ്ത് ദുബായിലോ എവിടെയെങ്കിലും പോയി എന്നു വിചാരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയൊരു സിറ്റുവേഷൻ വരുകയാണെങ്കിൽ ഈ അമെൻറ്മെൻറനു സരിച്ച് അയാൾ ആ സെനറ്റിൽ മെമ്പറായിരിക്കും അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതൊന്നു പരിശോധിക്കണം. അതിനുവേണ്ടിയാണ് പൊതുജനാഭിപ്രായത്തിനുവിടണമെന്നു ഞാനാവശ്യപ്പെടുന്നത്. പ്രതിപക്ഷം എന്തഭിപ്രായം പറഞ്ഞാലും അതു സ്വീകരിക്കുകയില്ലെന്നു ഞങ്ങൾക്കു ബോധ്യമുണ്ട്. എന്തെന്നാൽ അതാണനുഭവം. സർ, വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരം വരുത്തണമെന്ന് എല്ലാവരും പ്രസംഗിക്കുന്നുണ്ട്. പക്ഷേ എന്തു പരിഷ്കാരമാണെന്ന് ആരും പറയുന്നില്ല. സെനറ്റിലേക്കും മറ്റുമുള്ള തിരഞ്ഞെടുപ്പിൻെറ കാര്യത്തിൽ ധാരാളം അഴിമതി വന്നിട്ടുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ കാര്യമാണെങ്കിൽ വളരെ ശോചനീയമാണ്. യൂണിവേഴ്സിറ്റി എന്നുപറയാൻതന്നെ അതിനർഹതയുണ്ടോ എന്നു സംശയമുണ്ട്. അക്കാര്യം കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തു ചർച്ച ചെയ്തതാണ്. അതാവർത്തിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. വളരെയേറെ ആരോപണങ്ങളും പരാതികളുമെല്ലാം ഉണ്ടായിട്ടുള്ള ഒരു സ്ഥാപനമാണ് കൊച്ചിൻ യൂണിവേഴ്സിറ്റി. വിദ്യാഭ്യാസമേഖല എന്നതിനുപരി അഴിമതിയുടെ രംഗമാണ് ആ സ്ഥാപനം. ഏതെങ്കിലുമൊരു പ്രത്യേക വ്യക്തിയെ സംരക്ഷിക്കലാണോ ഈ അമെൻറുമെൻറ് ബില്ലിൻെറ ഉദ്ദേശം എന്നു ഞാൻ സംശയിക്കുകയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചാണെങ്കിൽ അങ്ങനെ ഒരു സംസാരം ആ പ്രദേശങ്ങളിലുണ്ടുതാനും അതുകൊണ്ടാണ് ഞാൻ ഈ ബിൽ പൊതുജനാഭിപ്രായത്തിനുവിടണമെന്നാവശ്യപ്പെടുന്നത്. അങ്ങനെയാകുമ്പോൾ സെനറ്റിൽ നടക്കുന്ന പലപല കാര്യങ്ങളെക്കുറിച്ചും ജനങ്ങൾക്കറിയാനും വിധിയെഴുതാനും സാധിക്കും. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായത്തിനുവിടണമെന്ന് ഒന്നുകൂടി ഞാനാവശ്യപ്പെടുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: Sir, I move that the University Laws (Second Amendment) Bill, 1979 be referred to a Selecct Committee.

സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ വളരെ ചെറിയൊരു ഭേദഗതിയാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്, ഒരാളെ ഒരു സ്ഥാനത്തേക്കു തിരഞ്ഞെടുത്താൽ ആ കാലാവധി വരെ അവിടെ തുടരണമെന്നു പറയുന്നത് പൊതുവിൽ ന്യായമായ കാര്യമാണ്. അതുകൊണ്ടാണ് ഞാൻ അതിനെ അനുകൂലിക്കുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, വളരെയധികമൊന്നും ചർച്ച ചെയ്യാൻ ഇല്ലാത്ത ഒരു ബില്ലാണിതെന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പരോക്ഷമായി സൂചന നൽകുകയുണ്ടായി. വളരെ ലളിതമായ വ്യവസ്ഥയ്ക്ക് ഭേദഗതി വരുത്താൻ കൊണ്ടുവന്നിട്ടുള്ളതാണ് ഇത് എന്നുള്ളത് ഒരു വസ്തുതയാണ്. യൂണിവേഴ്സിറ്റി നിയമമനുസരിച്ച് സിൻഡിക്കേറ്റിലേക്ക് പ്രത്യേകം പ്രത്യേകം വിഭാഗങ്ങളിൽ നിന്ന് ആളുകളെ തെരഞ്ഞെടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥയനുസരിച്ച് ഇലക്ടഡ് മെമ്പേഴ്സ് എന്നുള്ള വിഭാഗത്തിൽ രജിസ്ട്രേഡ് ഗ്രാഡുവേറ്റ്സ് വരും. രജിസ്ട്രേഡ് ഗ്രാഡുവേറ്റ്സിൽ നിന്ന് ഇത്ര പേർ എന്ന് എല്ലാ യൂണിവേഴ്സിറ്റികളിലും സമാനമായ വ്യവസ്ഥയാണ്. ഇലക്ടഡ് മെമ്പേഴ്സിൽനിന്നു, തെരഞ്ഞെടുക്കുന്നവരുടെ താമസം ആ സ്ഥലത്തു നിന്ന് മറേറതു സ്ഥലത്തേയ്ക്കു മാറിയാലും സെനറ്റിൽ മെമ്പറായി തുടരണം രജിസ്ട്രേഡ് ഗ്രാഡുവേറ്റ്സ് എന്ന വിഭാഗം ഒഴിച്ച് മറേറതു വിഭാഗത്തിനും ഈ താമസം മാറുന്നതുകൊണ്ട് അംഗത്വം നഷ്ടപ്പെടുന്നില്ല. ട്രാൻസ്ഫറോ മറേറതെങ്കിലും കാരണവശാലോ

LIBRARY ARCHIVES Kerala Legislative Assembly

താമസം മാറ്റിയാലും ഈ രജിസ്ട്രേഡ് ഗ്രാഡുവേറ്റ്സിന്റെ അംഗത്വം നഷ്ടപ്പെടും എന്നു വരുന്നതു ശരിയല്ല. അതുകൊണ്ടു ഈ വ്യവസ്ഥ കൊണ്ടുവന്നത് തികച്ചും ശരിയാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഉള്ള യൂണിവേഴ്സിറ്റി നിയമങ്ങളും പരിശോധിച്ചാൽ നാലു യൂണിവേഴ്സിറ്റികളിലും ഫസ്റ്റു സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കുന്നതു ഗവൺമെന്റാണ്. സെനറ്റു തുടങ്ങിയുള്ള മറ്റ് അതോറിട്ടികളും ശരിയായി ഫംഗ്ഷൻ ചെയ്യുന്നതിനു വരുന്ന ബുദ്ധിമുട്ടുകളും താമസങ്ങളും ഒഴിവാക്കാൻവേണ്ടി യൂണിവേഴ്സിറ്റി നിയമത്തിലെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കുന്നതു ഗവൺമെന്റാണ്. അതു ഗവൺമെന്റിന്റെ ചുമതലയായി നിയമത്തിലും പറയുന്നുമുണ്ട്. ഈ രജിസ്ട്രേഡ് ഗ്രാഡുവേറ്റ്സ് സ്ഥലം മാറ്റപ്പെടുകയോ താമസം മാറുകയോ ചെയ്താൽ അവരുടെ അംഗത്വം നഷ്ടപ്പെടുമെന്ന വിധത്തിലുള്ള നിബന്ധന ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ സ്ഥാപിച്ചത് ഗവൺമെന്റുതന്നെയാണ്: അതു ശരിയായില്ല, ഈ ഭേദഗതിമൂലം ഒന്നാമത്തെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാൻ ഗവൺമെന്റു നടത്തുന്ന ശ്രമം അപലപനീയമാണ്. ഈ യൂണിവേഴ്സിറ്റി നിയമത്തിൽ നിന്ന് ബന്ധപ്പെട്ട വകുപ്പു ഞാൻ വായിക്കാം. കൊച്ചിൻ യൂണിവേഴ്സിറ്റി നിയമം എടുക്കാം. സെക്ഷൻ 31 വായിക്കാം. എല്ലാ യൂണിവേഴ്സിറ്റികൾക്കും സമാനമായി ഉള്ള നിബന്ധനകളാണ്. "*Procedure for making statutes*.—(1) The first Statutes of the University shall be made by the Government by notification in the Official Gazette, and shall continue in force until amended or superseded by Statutes made by the Senate in accordance with the provisions of this section.

(2) The Senate may, from time to time, make new or additional statutes or may amend or repeal statutes in the manner hereinafter provided.

സർ, ഇതാണ്. എല്ലാ യൂണിവേഴ്സിറ്റി നിയമങ്ങളിലും ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ഗവൺമെന്റു പ്രഖ്യാപിച്ചതിനുശേഷം ഭേദഗതിയുമായി വരികയാണെങ്കിൽ ചെയ്യേണ്ട നടപടിക്രമങ്ങളും യൂണിവേഴ്സിറ്റി നിയമത്തിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 31 അനുസരിച്ച് മറ്റു തത്തുല്യമായ വകുപ്പുകളും അനുസരിച്ചും രജിസ്ട്രേഡ് ഗ്രാഡുവേറ്റ്സ് അവരുടെ താമസസ്ഥലം മാറിയാൽ അവരുടെ അംഗത്വം നഷ്ടപ്പെടും എന്നുള്ള അയോഗ്യതയെ നീക്കം ചെയ്യാൻ യഥാർത്ഥത്തിലുള്ള അധികാരം യൂണിവേഴ്സിറ്റി സെനറ്റിനാണ്. ആ അധികാരത്തിൽ ഇടപെടാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി വന്നു. യൂണിവേഴ്സിറ്റി നിയമത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തേണ്ടതു് അതാതു സെനറ്റായിരിക്കുമെന്നു് ഫസ്റ്റു സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കിയിട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അതു അമെൻറുചെയ്യാൻവേണ്ടി നിയമസഭയിൽ വന്നത് അപലപനീയമാണ്, അപഹാസ്യമാണ്. ഈ നിയമസഭയ്ക്ക് എന്തും പാസാക്കാനുള്ള പരമാധികാരമുണ്ട്. ഈ നിയമസഭയാണ് യൂണിവേഴ്സിറ്റി നിയമങ്ങളും പാസാക്കിയത്. ആ യൂണിവേഴ്സിറ്റി നിയമങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെയാണ് ഈ കാര്യങ്ങളും ഉണ്ടായിട്ടുള്ളത്. യൂണിവേഴ്സിറ്റിക്ക് നിയമസഭ കൊടുത്ത ഈ അധികാരം എന്തിനു വിദ്യാഭ്യാസമന്ത്രി കവർന്നെടുക്കാൻ ശ്രമിച്ചു. അതു സഭയ്ക്ക് അറിയണം. സെനറ്റ് ഈ അധികാരം ഉപയോഗിക്കുന്നതിനുമുമ്പ് വിദ്യാഭ്യാസമന്ത്രി ഈ പരമാധികാരസഭയിൽ ശരിയല്ലാത്ത രീതിയിൽ ഈ അമെൻറുമെൻറ് കൊണ്ടുവന്നത് എന്തുകൊണ്ടാണ് എന്ന് ഈ സഭയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ സർവ്വകലാശാലകളിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റി എല്ലാവർക്കും പരാതികളും ഉണ്ട്. വിദ്യാഭ്യാസമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട് ഈ സർവകലാശാലയുടെ കാര്യത്തിൽ വളരെ പരിമിതമായി മാത്രമേ ഇടപെടാൻ ഒക്കുകയുള്ളു എന്ന്. ഈ യൂണിവേഴ്സിറ്റികളിൽ നടക്കുന്ന ക്രമക്കേടുകളിൽ ഇടപെടാൻ ഗവൺമെൻറിന് ഒക്കുകയില്ലെന്നു പറയുകയും എന്നാൽ ഈ രീതിയിൽ യാതൊരു നീതീകരണവും ഇല്ലാതെ ഈ ഭേദഗതി കൊണ്ടു വരികയും ചെയ്തത് എന്തുകൊണ്ടാണ്? യൂണിവേഴ്സിറ്റിയുടെ സ്വയംഭരണാവകാശങ്ങളിൽ ഗവൺമെൻറു കൈകടത്തുകയും ചെയ്തു. അതു എന്തുകൊണ്ടാണ്?

സർവകലാശാലകളെക്കുറിച്ച് പറയുകയാണെങ്കിൽ പ്രത്യേകം ഒരു ദിവസത്തെ ചർച്ചയ്ക്ക് നീക്കി വയ്ക്കണം. അതിലേക്ക് ഞാൻ കടക്കുന്നില്ല. വളരെ പരിമിതമായി ഒന്നുരണ്ടു കാര്യങ്ങളും ചൂണ്ടിക്കാണിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നു. രണ്ടു കാര്യങ്ങളും ഉണ്ട്. അത് ഈ സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികളെയും എല്ലാ രക്ഷാകർത്താക്കളെയും എല്ലാ പൊതുജനങ്ങളെയും ഒരുപോലെ ബാധിക്കുന്ന കാര്യമാണ്, അതു പരീക്ഷനടത്തുന്നതും റിസൽട്ട് പബ്ലിഷ് ചെയ്യുന്നതുമായ കാര്യങ്ങളാണ്. എത്രയോ കാലമായി ഇവിടെ ആവലാതിയും പരാതിയും ഉണ്ടാകുന്ന കാര്യമാണ്. എന്താണ് ഇതിൽ വരുന്ന കുഴപ്പം എന്ന് അന്വേഷിക്കാൻ പറഞ്ഞാൽ ഒരു പക്ഷേ മന്ത്രി പറഞ്ഞേക്കും സ്വയംഭരണസ്ഥാപനമാണ്, ഞങ്ങൾക്കതിൽ കാര്യമില്ലെന്ന്. അതുകൊണ്ടാണ് ഇങ്ങനെ വരുന്നത്. കുട്ടികളെ ദ്രോഹിക്കുന്ന തരത്തിൽ യൂണിവേഴ്സിറ്റികൾ നീങ്ങിയാൽ അതിൽ ഇടപെടാൻ ഗവൺമെൻറിന് യാതൊരു അധികാരവും ഇല്ല എന്നു പറയുന്നത് ശരിയല്ല. യൂണിവേഴ്സിറ്റിയിൽ ഇടപെടുന്നതിനുള്ള സംരക്ഷണ നടപടികളും ഈ സഭ എഴുതിവച്ചിട്ടുണ്ട്. അതു ഉപയോഗിക്കാൻ ഗവൺമെൻറു തയ്യാറാകണം. കോഴിക്കോടു സർവകലാശാല മാർച്ച്-ഏപ്രിലിൽ നടത്തിയിട്ടുള്ള പല പരീക്ഷകളുടെയും ഫലം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഈ സെൻട്രലൈസ്ഡ് വാല്യുവേഷൻ സ്കീമുകളിൽ സ്വീകരിച്ചു നടപ്പിൽ വരുത്തി. എൻെറ ഓർമ്മ ശരിയാണെങ്കിൽ കേരള സർവകലാശാല പ്രീ ഡിഗ്രിക്ക് മാത്രം സെൻട്രലൈസ്ഡ് വാല്യുവേഷൻ നടപ്പാക്കി. ആ സെൻട്രലൈസ്ഡ് വാല്യുവേഷൻ കേരള സർവകലാശാല നടപ്പാക്കിയതുമൂലം ചരിത്രത്തിലാദ്യമായി പറഞ്ഞ സമയത്ത് പ്രീഡിഗ്രി റിസൽട്ട് പ്രസിദ്ധപ്പെടുത്താൻ സാധിച്ചു. എന്നാൽ കോഴിക്കോടു സർവകലാശാല സമ്മതിച്ചില്ല. സെൻട്രലൈസ്ഡ് വാല്യുവേഷൻ വേണ്ടെന്നു പറഞ്ഞു. അതിൻെറ ഫലമായി, കേരള സർവകലാശാല പ്രസിദ്ധപ്പെടുത്തി ഏതാണ്ട് രണ്ടുമാസം കഴിഞ്ഞാണ് കോഴിക്കോട് സർവകലാശാല പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയത്,

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിനെപ്പറ്റി പറയണം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഞാൻ ചുരുക്കുകയാണ്. കേരള സർവകലാശാലയുടെ കാര്യത്തിൽ വിജയകരമാണെന്നു തെളിഞ്ഞതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഏറ്റവും ചുരുങ്ങിയത് സെൻട്രലൈസ്ഡ് വാല്യുവേഷൻ നടപ്പിലാക്കി കാര്യക്ഷമതാരാഹിത്യം പരിഹരിക്കണം. അതുപോലെ സിലബസ് ഏകീകരണം. വളരെയേറെ ആക്ഷേപങ്ങളും ഈ കാര്യത്തിൽ ഉണ്ടായി. സുപ്രീം കോടതിവരെ പറഞ്ഞു, സിലബസ് ഏകീകരണം ആവശ്യമാണെന്ന്, എൻെറ അറിവു ശരിയാണെങ്കിൽ ഇന്നും ഡിഗ്രിക്ക് ഒന്നിനും സിലബസ് ഏകീകരണം നടത്തിയിട്ടില്ല. ഈ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും വിദ്യാഭ്യാസമന്ത്രി ശ്രദ്ധിക്കണം. ഈ രണ്ടു കാര്യങ്ങളും ശരിയാക്കാതെ പഠനരംഗത്ത് ഈ യൂണിവേഴ്സിറ്റികൊണ്ട് ഒന്നും നേടാൻ കഴിയുകയില്ല. അതുകൊണ്ട് ഈ രണ്ടുകാര്യങ്ങളെങ്കിലും നടപ്പിലാക്കാൻ അടിയന്തിരനടപടി നടത്തിയില്ലെങ്കിൽ എത്ര പ്രസംഗിച്ചിട്ടും എന്തു പരാതി പറഞ്ഞിട്ടും ഒരു ഫലവുമില്ലെന്ന് എനിക്കുറപ്പുണ്ട്.

ഏതായാലും ഈ കോഴിക്കോട് സർവകലാശാല ഇതിൽനിന്നു നന്നാകുകയില്ലെന്നു ഞാൻ ചൂണ്ടിക്കാണിച്ചു. ഇവിടെ മുൻപും അതിനുശേഷവും ഉണ്ടായിട്ടുള്ള ആ കാര്യങ്ങളെപ്പറ്റിയുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ആ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഒരന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. അതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. ആ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന കാര്യങ്ങളും വച്ചുകൊണ്ട് എന്താണങ്ങനെ സംഭവിക്കുന്നതെന്നും എന്താണതിനു പരിഹാരമാർഗ്ഗമെന്നും ഭരണത്തിലുള്ള പോരായ്മകളെന്താണെന്നും നോക്കണം. പണം കട്ടുവെന്നു പറഞ്ഞു യൂണിവേഴ്സിറ്റി രജിസ്ട്രാരെ പുറത്താക്കി. യൂണിവേഴ്സിറ്റി രജിസ്ട്രാർ പണം കക്കുന്നുവെങ്കിൽ അതിനുതാഴെയുള്ളവരും കക്കുന്നുണ്ടാവുമെന്നു തീരുമാനിക്കാം. എത്രമാനപ്പം കട്ടുമുജിച്ചാൽ ബാക്കിയുള്ളവരൊക്കെ കക്കും. അത് കൊണ്ട് അഴിമതിയുടെ കാര്യത്തിലായാലും ശരി പുർഭരണത്തിന്റെ കാര്യത്തിലായാലും ശരി അപര്യാപ്തതയുടെയും കാര്യക്ഷമതാരാഹിത്യത്തിന്റെയും കാര്യത്തിലായാലും ശരി റിക്കാർഡ് സൃഷ്ടിച്ചിട്ടുള്ള കോഴിക്കോട്ടു സർവകലാശാലയുടെ പ്രവർത്തനത്തെപ്പറ്റി യൂണിവേഴ്സിറ്റിനിയമത്തിലുള്ള വ്യവസ്ഥകളനുസരിച്ച് ഒരന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വേണ്ട നടപടികളും കൈക്കൊള്ളുകയും ചെയ്യണമെന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടു പറഞ്ഞുകൊണ്ടു ഞാനവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാനീ ബില്ലിനെ പിന്താങ്ങുകയാണ്. രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സിന്റെ കാൺസ്റ്റിറ്റ്യുവെൻസിയിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ആ യൂണിവേഴ്സിറ്റിയുടെ ജൂറിസ്ഡിക്ഷനിൽനിന്നു പോയാൽ സെനറ്റ് മെമ്പർഷിപ്പ് നഷ്ടപ്പെടും എന്ന സാഹചര്യം ഒഴിവാക്കിക്കിട്ടുന്നതിനാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് പൊതുജനാഭിപ്രായത്തിനു വിടണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. സേവ്യർ അറയ്ക്കൽ പറഞ്ഞപ്പോൾ പറയുകയുണ്ടായി ഇന്നു നിലനിൽക്കുന്ന വ്യവസ്ഥതന്നെ നിലനിർത്തിയാൽമതി എന്ന്. പക്ഷെ ഈ ബിൽ സഭ ചർച്ചചെയ്യുന്ന അവസരത്തിലും, രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സിന്റെ കാൺസ്റ്റിറ്റ്യുവെൻസിയിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇത്തരത്തിലൊരു ബുദ്ധിമുട്ടുണ്ടെന്നും അതു പരിഹരിക്കണമെന്നും ആവശ്യമുന്നയിച്ചിരുന്നു. ഇന്നത്തെ വ്യവസ്ഥ നിലനിൽക്കുകയാണെങ്കിലുള്ള ഏറ്റവും വലിയ ബുദ്ധിമുട്ട് ഇതാണ്. രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സിന്റെ കാൺസ്റ്റിറ്റ്യുവെൻസിയാണ് സെനറ്റു മെമ്പർമാരെ തെരഞ്ഞെടുക്കുന്ന ഏറ്റവും വലിയ കാൺസ്റ്റിറ്റ്യുവെൻസി. പ്രൊപ്പോർഷണൽ റെപ്രസന്റേഷന്റെ അടിസ്ഥാനത്തിൽ ആളുകൾ തിരഞ്ഞെടുക്കപ്പെടുന്നു. ആ സ്ഥാനത്ത് ഒരിടക്കാല ഒഴിവുണ്ടാകുമ്പോൾ അതിലേക്കൊരു തിരഞ്ഞെടുപ്പ് നടത്തുകയെന്നു പറയുന്നതുതന്നെ ബുദ്ധിമുട്ടുള്ള ഒരു സംഗതിയാണ്. അതിന്റെയടിസ്ഥാനത്തിൽ രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സിന്റെ കാൺസ്റ്റിറ്റ്യുവെൻസിയിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നയാൾക്ക് ആ സെനറ്റിന്റെ ഭരണകാലാവധിവരെ അംഗത്വം നിലനിർത്തിക്കൊടുക്കേണ്ടത് ഒരു സ്വാഭാവിക നീതിമാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി പറഞ്ഞു സ്റ്റാറ്റ്യൂട്ടനുസരിച്ച് യൂണിവേഴ്സിറ്റികൾക്കുള്ള അധികാരത്തിൽ ഒരു കൈകടത്തൽ നമ്മൾ നടത്തിയിരിക്കുകയാണെന്ന്. സർ, ഇവിടെ മൂന്നുനാലു യൂണിവേഴ്സിറ്റികളുണ്ട്. ഈ യൂണിവേഴ്സിറ്റികളിലെല്ലാം ഈ നിയമം നടപ്പാക്കിയിട്ടു കുറേനാളുകളായി. അവർക്ക് ഈ അവകാശങ്ങളും കൊടുത്തിരുന്നു. പക്ഷേ പല യൂണിവേഴ്സിറ്റികളിലും നമുക്കറിയാം യൂണിവേഴ്സിറ്റി സെനറ്റു സമ്മേളിക്കുന്ന അവസരത്തിലൊക്കെ ഇത്തരത്തിലുള്ള പൊതുവായ കാര്യങ്ങളിൽപ്പോലും ഒരു ഏകാഭിപ്രായം രൂപീകരിക്കാൻ കഴിയാതെ പോകുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. സെനറ്റുമീറ്റിംഗിന്റെ നടപടികൾ പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത് സെനറ്റുകൾക്ക് ഈ അധികാരമുണ്ടെങ്കിൽത്തന്നെയും സംസ്ഥാനനിയമസഭയ്ക്കുള്ള അധികാരമുപയോഗിച്ചുകൊണ്ട് പൊതുവായ ഒരു ഭേദഗതി കൊണ്ടുവന്ന് ഈ രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സിന് സെനറ്റംഗത്വം നിലനിർത്താനുള്ള ഒരവകാശം കൊടുക്കുന്നതു തീർച്ചയായും അഭികാമ്യമായ ഒരു നടപടിയാണെന്ന്. അതിനെ നമ്മൾ സ്വാഗതംചെയ്യേണ്ടതായിട്ടുണ്ട്. സെനറ്റുകൾക്കും അധികാരമുണ്ടെങ്കിലും അവരതുപയോഗിക്കാൻ ഇതുവരെ തയ്യാറായിട്ടില്ലെന്നുള്ളതാണ് നാം ഓർമ്മിക്കേണ്ട ഒരു സംഗതി.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ നിയമസഭ പാസാക്കി വിവിധ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഓരോ കാര്യങ്ങൾ ചെയ്യാൻ അധികാരം കൊടുത്തിട്ടുണ്ട്. അവരത് ഇഷ്ടമുണ്ടെങ്കിൽ ചെയ്യണമെന്നുവച്ചു കൊണ്ടുതന്നെയാണ്. അതു ചെയ്യാത്തതുകൊണ്ട് ഞങ്ങൾ കയറി അവരുടെ അധികാരത്തിലിടപെടുന്നു എന്നു പറയുന്നതിൽ എന്തു ന്യായീകരണമുണ്ടെന്നാണ് പറയുന്നത്?

ശ്രീ. ടി. എം. ജേക്കബ്: ആട്ടോണമസ് ബോഡിയുടെ സ്വഭാവം നിലനിർത്തണമെന്നു പറയുന്നില്ല. പക്ഷേ ഒരു കാര്യത്തിൽ ഈ ബുദ്ധിമുട്ടനുഭവപ്പെടുന്ന ഒരു വിഭാഗമുണ്ട്; രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സ്. ആ മേഖലയിൽനിന്ന് സെനറ്റിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്കു സംരക്ഷണം കൊടുക്കണമെന്ന് വളരെ നാളുകളായി ആവശ്യം ഉന്നയിക്കപ്പെട്ടിരുന്നു. സെനറ്റിൽ നടപ്പിലാക്കിയിട്ടില്ല എന്നുള്ള കാര്യം നമ്മൾ വിസ്മരിക്കാൻ സാധ്യമല്ല. അപ്പോൾ അവിടെനിന്നു നീതി ലഭിക്കുന്നില്ലെങ്കിൽ നീതി കൊടുക്കാൻ ചുമതലപ്പെട്ട ഒരു സമിതി എന്നുള്ള നിലയിൽ നമ്മുടെ ഈ സമിതി ഇക്കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്.

സർ, യൂണിവേഴ്സിറ്റികളുടെ ഭരണത്തെപ്പറ്റി വളരെയേറെ ആക്ഷേപങ്ങളുണ്ട്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ഇന്നു വളരെയേറെ ഗ്രാൻറ് യൂണിവേഴ്സിറ്റികൾക്ക് കൊടുക്കുന്നു. കേരളത്തിലുള്ള യൂണിവേഴ്സിറ്റികൾക്ക് ഇതു ഫലപ്രദമായുപയോഗിക്കാൻ കഴിയുന്നില്ലെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവപൂർവം വീക്ഷിക്കണം. വളരെയേറെ സ്കീമുകൾ പല സംസ്ഥാനത്തിലെയും യൂണിവേഴ്സിറ്റികൾ പാസ്സാക്കുന്നു. ആ യൂണിവേഴ്സിറ്റികൾ അതു യു. ജി. സി. ക്കു സമർപ്പിക്കുന്നു. അവർ അതിന്റെയടിസ്ഥാനത്തിൽ ഗ്രാൻറുകൾ നൽകുന്നു. നമ്മുടെ യൂണിവേഴ്സിറ്റികളും അതിന്റെ ഭരണവും വേറെ ചില നിലയിൽ പോയിട്ട് ആവശ്യമുള്ള യാതൊരു സ്കീമും തയ്യാറാക്കാതെ, അർഹമായ ലഭിക്കേണ്ട ഗ്രാൻറുപോലും ലഭ്യമാക്കാതെ കേരളത്തിലെ വിദ്യാർത്ഥികളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സ്ഥിതി അതാണ്. അതുണ്ടാക്കിയതുതന്നെ പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ്; കേരള യൂണിവേഴ്സിറ്റിയുടെയും കാലിക്കട്ട് യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

യുടെയും സ്വഭാവമല്ല അതിനുള്ളത്. പക്ഷെ ആ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഇതുവരെയുള്ള ഭരണകാലഘട്ടം പരിശോധിച്ചാൽ ആ യൂണിവേഴ്സിറ്റിക്കു ഫലപ്രദമായി ചില കോഴ്സുകൾ നടപ്പിലാക്കാൻ സാധിക്കും -- കോഴ്സുകൾ വേണ്ട രൂപത്തിൽ കൈകാര്യം ചെയ്യുകയും ആവശ്യമായ റിപ്പോർട്ട് യു. ജി. സി. ക്കു സമർപ്പിക്കുകയും ചെയ്യാതിരിക്കുന്നതുകൊണ്ട്, നമുക്കു ലഭിക്കേണ്ട വളരെയേറെ പണം കിട്ടാതെ പോകുന്നു. മറ്റു സംസ്ഥാനങ്ങൾ കായിക കലാരംഗങ്ങളെ വളരെയേറെ പ്രോൽസാഹിപ്പിക്കുന്നു. ഈ സഭ ഗൗരവപൂർവ്വം പരിഗണിക്കേണ്ട കാര്യമാണു പറയുന്നത്. സർ, ഇന്നു നമ്മുടെ സംസ്ഥാനത്ത് ഒരു ഇൻഡോർ സ്റ്റേഡിയമില്ല. യു. ജി. സി. യിൽനിന്ന് അതിനു ഗ്രാൻറ് കൊടുക്കുന്നുണ്ട്. ഇതിന് എന്തെങ്കിലും നിർദ്ദേശം വയ്ക്കാൻപോലും ഇന്നുള്ള നമ്മുടെ യൂണിവേഴ്സിറ്റികൾ തയ്യാറായിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ യൂണിവേഴ്സിറ്റികൾ കുത്തഴിഞ്ഞ ഒരു പുസ്തകംപോലെ കിടക്കുകയാണ്. അത് കുത്തിക്കെട്ടണം. അതിന് എന്തുചെയ്യാമെന്നു പരിശോധിക്കണം. ആട്ടോണമസ് സ്വഭാവത്തിൽ കൈകടത്തണമെന്ന് ഞാൻ പറയുന്നില്ല. പക്ഷെ നിയന്ത്രണം ആവശ്യമായിട്ടുണ്ട്. അവരുടെ ചെയ്തികളെക്കുറിച്ച് ആക്ഷേപങ്ങളുണ്ട്. നമ്മുടെ എം. എൽ. എ. കാർട്ടേഴ്സിനു തൊട്ടടുത്തുള്ള യൂണിവേഴ്സിറ്റി ആഫീസിലെ കാര്യം നമുക്കറിയാം. അവിടെ പോയാൽ സീറ്റിൽ ആളുകളെ കാണാറില്ല. അവർ സ്ഥിരം എം. എൽ. എ. കാർട്ടേഴ്സ് കാൻറീനിലായിരിക്കും എന്ന് ഇവിടെത്തന്നെ പരാമർശമുണ്ടായിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻമാരെ നിയന്ത്രിച്ചുകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റികൾ ഫലപ്രദമായി എങ്ങനെ കൊണ്ടുപോകാൻ സാധിക്കുമെന്നു പരിശോധിക്കണം.

സെൻട്രലൈസ്ഡ് വാല്യുവേഷൻ വന്നതിൻെറ പ്രയോജനമെന്തെന്നിലയിൽ പ്രീഡിഗ്രി റിസൽട്ട് സമയത്തിനു പ്രസിദ്ധീകരിക്കാൻ കേരള യൂണിവേഴ്സിറ്റിക്കു സാധിച്ചു. കാലിക്കട്ട് യൂണിവേഴ്സിറ്റി അതാരംഭിച്ചില്ല. പക്ഷെ ഈ സെൻട്രലൈസ്ഡ് വാല്യുവേഷൻ സംബന്ധിച്ച് അദ്ധ്യാപകരുടെ ഭാഗത്തുനിന്നു ചില പരാതികളുണ്ടായിട്ടുണ്ട്. ആവശ്യത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടില്ല എന്നവർ പറയുന്നു. അതിനെക്കുറിച്ച് ആക്ഷേപങ്ങളുണ്ടായി. ചില സെൻററുകളിൽ അവർ പണിമുടക്കി. പരീക്ഷാപേപ്പറുകൾ നോക്കാതിരുന്നു. ആ സാഹചര്യം ഇന്നും നിലനിൽക്കുകയാണ്. അടുത്ത പ്രാവശ്യം ഇതിനു മാറ്റമുണ്ടാക്കിയില്ലെങ്കിൽ ഇതിനെതിരായി ശബ്ദമുയർത്തുമെന്നും സമരം ചെയ്യുമെന്നും അവർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. പക്ഷെ ഞാൻ മനസ്സിലാക്കുന്നത് കേരള യൂണിവേഴ്സിറ്റിപോലും ഈ സംവിധാനത്തിനു നല്ലൊരു ക്രമീകരണമുണ്ടാക്കാൻ നീക്കം നടത്തിയിട്ടില്ല എന്നാണ്. അതുചെയ്യണം.

കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സ്ഥിതി നമുക്കറിയാം; തൃക്കാക്കരയും തൃപ്പൂണിത്തുറയുമായിട്ടാണ് ഫംഗ്ഷൻ ചെയ്യുന്നത്. ആ യൂണിവേഴ്സിറ്റിയുടെ ആഫീസുകൾ രണ്ടും ഒരു സ്ഥലത്തു കൊണ്ടുവരാനുള്ള നീക്കങ്ങൾ ആരംഭിക്കണമെന്ന്.....

മി. ഡെപ്യൂട്ടി സ്പീക്കർ: യൂണിവേഴ്സിറ്റികളുടെ മുഴുവൻ പ്രശ്നങ്ങളും പറയാൻ തുടങ്ങിയാൽ.....

ശ്രീ. ടി. എം. ജേക്കബ്: ഇല്ല. യൂണിവേഴ്സിറ്റികളെ "നിയന്ത്രിക്കുന്ന സെനറ്റിലേക്ക്" ആളുകളെ തിരഞ്ഞെടുക്കുന്നതിലുണ്ടാകുന്ന വിഷമം മാത്രമാണ് ഇതു കൊണ്ടുവന്നിരിക്കുന്നത്. അപ്പോൾ ഭരണസംവിധാനത്തി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള കാര്യങ്ങളും ചൂണ്ടിക്കാണിക്കേണ്ടതു് ആവശ്യമായിട്ടുണ്ടു്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ആഫീസു് ഇന്നു രണ്ടു സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. ഇതെല്ലാംകൂടി കേന്ദ്രീകരിച്ചു് തൃക്കാക്കരയിലാക്കണമെന്ന അഭിപ്രായം പലപ്രാവശ്യം ഉണ്ടായിട്ടുണ്ടു്. പക്ഷെ അതിനൊരു നീക്കം നടത്താൻ നമ്മളാരും തയ്യാറാകുന്നില്ല. ഇവിടെ പല പ്രാവശ്യം യൂണിവേഴ്സിറ്റി ഭേദഗതി ബിൽ കൊണ്ടുവന്ന അവസരത്തിലൊക്കെയും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ടു്, യൂണിവേഴ്സിറ്റി നിയമത്തിൽ പൊതുവായ ഭേദഗതി കൊണ്ടുവന്നു് നമുക്കു ചില മാറ്റങ്ങളും ഉണ്ടാക്കാൻ സാധിക്കും എന്നു്. പക്ഷെ അതിനൊരു ശ്രമം ഉണ്ടായിക്കാണാത്തതിലുള്ള ഖേദം എനിക്കുണ്ടു്. ഞാൻ അതിന്റെ മറ്റു കാര്യങ്ങളിലേക്കു് കടക്കുന്നില്ല. ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി നിയമം തീർച്ചയായും വളരെ നേരത്തേ കൊണ്ടുവരേണ്ടതായിരുന്നു. ആ നിലയിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണു്.

[Sri E. Chandrasekharan Nair in the Chair]

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി നിയമം പൊതുജനാഭിപ്രായത്തിനു് വിടണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ഈ നിയമം വളരെവേഗം യാതൊരു പ്രശ്നവും കൂടാതെ പാസ്സാക്കിത്തരേണ്ടതു് എല്ലാവരുടേയും ഒരാവശ്യമാണെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. രജിസ്റ്റേഡ് ഗ്രാഡുവേറ്റ്സ് അവർ രജിസ്റ്റർ ചേയ്തിട്ടുള്ള സ്ഥലത്തെ ടെറിട്ടോറിയൽ ജുറിസ്ഡിക്ഷനിൽ നിന്നും മാറി മറ്റെവിടെയെങ്കിലും പോകുമ്പോൾ ആ യൂണിവേഴ്സിറ്റിയിലെ രജിസ്ട്രേഷൻ ക്യാൻസലായി പോകുന്നു. അതുകൊണ്ടു് അതുകൂടാതെ കഴിക്കുവാൻ വേണ്ടിയാണു് ഈ ഭേദഗതി നിയമം എന്നുപറഞ്ഞു. വളരെ നല്ലകാര്യമാണു്. എന്നാൽ ഒരു കാര്യം ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. ഇതിനെക്കാളൊക്കെ വ്യത്യസ്തമായ എന്തെല്ലാം കാര്യങ്ങളും യൂണിവേഴ്സിറ്റിയിൽ നടക്കുന്നുണ്ടു്. ഓരോ യൂണിവേഴ്സിറ്റിയിലും ഓരോതരത്തിലുള്ളതായ ക്രമക്കേടുകളും, പോരായ്മകളും നടക്കുന്നുണ്ടെന്നു് പത്രങ്ങളിലൂടെയും നിയമസഭാവേദിയിലൂടെയും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നുണ്ടു്. നിയമങ്ങളും വരുന്ന അവസരത്തിൽ അതെല്ലാം സമഗ്രമായി പരിശോധിക്കാത്തതുകൊണ്ടു് കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ പോരായ്മകളും ഉണ്ടായിട്ടുണ്ടു്. അതെല്ലാം ഇല്ലായ്മചെയ്യുന്നതിനു് സമഗ്രമായ മറ്റു് നിയമങ്ങളും കൊണ്ടുവരാമെന്നു് മന്ത്രിമാർ പറയാറുണ്ടു്. അപ്രകാരം ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും പറഞ്ഞിട്ടുണ്ടു്. അപ്പോൾ അത്തരത്തിലുള്ള നിയമനിർമ്മാണം നടത്തുന്നതിനു പകരം ഒരു കാര്യംമാത്രം ഉൾപ്പെടുത്തിക്കൊണ്ടു് ഈ നിയമം കൊണ്ടുവന്നതു് ശരിയായില്ല.

ഇവിടെ ശ്രീ. ദേവസ്സിക്കുട്ടി ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്വയംഭരണസ്ഥാപനങ്ങൾക്കു് അധികാരം കൊടുക്കുവാൻവേണ്ടി പരമാധികാരമുള്ള ഈ സഭ നിയമങ്ങളും ഉണ്ടാക്കുന്നുണ്ടു്. അവർ അതുവേണ്ടവിധത്തിൽ ചെയ്യുന്നില്ലായെന്നുള്ള ഒരാക്ഷേപം ശ്രീ. ജേക്കബു് ചൂണ്ടിക്കാണിച്ചു. അങ്ങനെ ചെയ്യുകയാണെങ്കിൽ പിന്നെ എന്തിനാണു് ഗവൺമെൻറു് സ്വയംഭരണസ്ഥാപനങ്ങളും ഉണ്ടാക്കുന്നതു്. സ്വയംഭരണസ്ഥാപനങ്ങളിലെ കാര്യങ്ങളും നേരെചൊവ്വേ നടക്കുന്നില്ലെങ്കിൽ അതിന്റെ മേൽനോട്ടം വഹിക്കുകയെന്നുള്ളതിൽ കവിഞ്ഞു് അവരിൽ നിക്ഷിപ്തമായിട്ടുള്ള അവകാശങ്ങളെ പിടിച്ചുപറ്റുകയും കവർന്നെടുക്കുകയും ചെയ്യുന്നതു് ഒരിക്കലും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ പ്രാവശ്യം കോഴിക്കോട്ട് യൂണിവേഴ്സിറ്റിയിൽ നടന്ന ക്രമക്കേടുകളെക്കുറിച്ചും അപാകതകളെക്കുറിച്ചും രജിസ്ട്രാറുടെ അഴിമതിയെക്കുറിച്ചും എല്ലാം പറഞ്ഞപ്പോഴും അന്ന് ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞത്, യൂണിവേഴ്സിറ്റികളെല്ലാം സ്വയം ഭരണസ്ഥാപനങ്ങളാണ് അതുകൊണ്ട് അവരുടെ അവകാശങ്ങളിൽ കൈകടത്തുവാൻ ചില പരിമിതികളുണ്ട് എന്നാണ്. ഓരോ അവസരത്തിലും ഓരോന്യായം പറയുവാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഓരോന്ന് തപ്പിപ്പിടിച്ചു കൊണ്ടുവരികയാണ് ചെയ്യുന്നത്. മന്ത്രിക്ക് രക്ഷപ്പെടേണ്ടകാര്യങ്ങളാണെങ്കിൽ പറയും, ഇതെല്ലാം സ്വയംഭരണസ്ഥാപനങ്ങളാണ് പരിധികളുണ്ട്, പരിമിതികളുണ്ട് അതുകൊണ്ട് അതിനുള്ളിൽ നിന്നുകൊണ്ടേ പ്രവർത്തിക്കുവാൻ കഴിയൂവെന്ന്. അതല്ല, മന്ത്രിക്ക് ആവശ്യമുള്ളതാണെങ്കിൽ അവിടെ സ്വയംഭരണസ്ഥാപനവുമില്ല, പരിധിയുമില്ല, പരിമിതിയുമില്ല. നേരിട്ട് ഓർഡർ കൊടുക്കും. ഇതെല്ലാം മാറ്റണം എന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. സെൻട്രലൈസ്ഡ് വാലുവേഷനെക്കുറിച്ചായാലും അഴിമതിയെക്കുറിച്ചായാലും എന്തെങ്കിലും പരാതിയുണ്ടായാൽ ആ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തി ഗവൺമെൻറ് വേണ്ട നടപടികളും സ്വീകരിക്കണം. അതുകൊണ്ട് എനിക്കു പറയുവാനുള്ളത്, ഇന്നു നിലവിലുള്ള യൂണിവേഴ്സിറ്റി നിയമത്തിലെ പോരായ്മകളും നികത്തിക്കൊണ്ട് സമഗ്രമായ മറ്റൊരു നിയമം കൊണ്ടുവരണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, ലളിതമായ ഈ ഭേദഗതിനിയമത്തിന്റെ ചർച്ചാവേളയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളും യൂണിവേഴ്സിറ്റിയെപ്പറ്റി ഒരു ജനറൽ ഡിസ്കഷൻ നടത്തുകയും യൂണിവേഴ്സിറ്റികളിലെ പോരായ്മകളും ചൂണ്ടിക്കാണിക്കുകയും ചെയ്തതിൽ ഞാൻ സന്തോഷിക്കുന്നു. ഈവക കാര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ പഠിച്ചുവരാത്തതുകൊണ്ട് ഇവിടെവച്ച് മറുപടി പറയുന്നില്ലെങ്കിലും ആ കാര്യങ്ങളെല്ലാം തക്കസമയത്ത് ഗവൺമെൻറ് പരിഗണിക്കുന്നതാണ്. ശ്രീ. ശങ്കരൻകുട്ടി ഇവിടെ സംസാരിച്ചപ്പോഴും പറഞ്ഞു, മന്ത്രിക്കാവശ്യമുള്ളപ്പോഴും സർവകലാശാലയുടെ അധീശാധികാരത്തിൽ കയ്യിടുകയും മന്ത്രിക്കാവശ്യമില്ലാത്തപ്പോഴും ഭേദഗതിബിൽ കൊണ്ടുവരികയും ചെയ്യുമെന്ന്. അതുതന്നെയാണ് ബഹുമാനപ്പെട്ട അംഗത്തെപ്പറ്റിയും എനിക്കു പറയുവാനുള്ളത്. ഒരു ഭേദഗതിബിൽ കൊണ്ടുവന്നാൽ പിന്നെയും സർവകലാശാലയുടെ അധീശാധികാരത്തിൽ കൈകടത്തുന്നുവെന്ന്. സർവകലാശാലയുടെ ദൈനംദിനഭരണത്തിൽ കൈയിടാഞ്ഞാൽ പറയും സർവകലാശാലക്ക് അനധികൃതമായി അവകാശം വകവച്ചുകൊടുക്കുന്നുവെന്ന്. അഴിമതിയും ക്രമക്കേടുകളും നിയമനിർമ്മാണംവഴി തടയാമെന്നുള്ളത് വെറും അന്ധവിശ്വാസമാണ്. അതിനുവേണ്ടി നിയമത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തണം; പഴുതുകളും അടയ്ക്കണമെന്ന് സമ്മതിക്കുന്നു. നമ്മുടെ നാട്ടിൽ കൊള്ളയും കൊലയും എല്ലാം നടക്കുന്നുണ്ട്. അതു നിയമനിർമ്മാണം കൊണ്ടുമാത്രം തടയാവുന്ന പ്രശ്നമല്ല. സർവകലാശാലാനിയമത്തിൽ ആവശ്യമായ മാറ്റങ്ങളും വരുത്തേണ്ടതുണ്ട്. അത്തരത്തിലുള്ള മാറ്റങ്ങളും വരുത്തുന്നതിന് ഈ സഭയുടെ സഹകരണം ഉണ്ടാകണം. അതിനുള്ള നിയമനിർമ്മാണം മുശയിലാണ്; അടുത്തുതന്നെ കൊണ്ടുവന്ന് പാസ്സാക്കുന്നതാണ്. ഈ നിയമനിർമ്മാണത്തെക്കുറിച്ച് പറയുമ്പോഴും കാലിക്കട്ട് യൂണിവേഴ്സിറ്റി നിയമത്തിലെ സെക്ഷൻ 18, കൊച്ചിൻ യൂണിവേഴ്സിറ്റി നിയമത്തിലെ സെക്ഷൻ 16(3) എ, കേരള യൂണിവേഴ്സിറ്റി നിയമത്തിലെ സെക്ഷൻ 16(3) എ, എന്നീ വകുപ്പുകളും പ്രകാരം അധ്യാപകരും പ്രധാനാധ്യാപകരും എല്ലാം സ്ഥലംമാറിപ്പോയാൽ അവർക്ക് ഇവിടെ പാസ്സാക്കിയ നിയമപ്രകാരം വേണ്ട സംരക്ഷണം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുന്ദരേശൻ നായർ: അധ്യാപർക്കും പ്രിൻസിപ്പൽമാർക്കും പ്രൊട്ടക്ഷൻ കൊടുക്കുവാൻവേണ്ടി ഭേദഗതിവരുത്തിയത് ആക്ടിലാണ്, സ്റ്റാറ്റ്യൂട്ടിലല്ല.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അങ്ങനെ ആക്ടിൽ ഭേദഗതി വരുത്തിയാൽ ആകാശം ഇടിഞ്ഞുപോകുമെന്നൊന്നും എനിക്കു വിശ്വാസമില്ല. പിന്നെ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം പറഞ്ഞു എങ്കിലും ഈ ബില്ലിനെ പൊതുവേ എല്ലാ അംഗങ്ങളും സ്വാഗതം ചെയ്തതിൽ ഞാൻ സന്തോഷിക്കുന്നു.

The amendment moved by Sri Xavier Arakkal was put and lost.

The amendment moved by Sri E. P. Gopalan was, by leave, withdrawn.

The question that the University Laws (Second amendment) Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 4

The question that clauses 2 to 4 stand part of the bill was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Biil.

Minister for Education: Sir, I move that the University Law (Second amendment) Bill, 1979 may be finally passed.

Minister for Finance: **(Sri S. Varadarajan Nair):** Sir, I second it.

ശ്രീ. സേവ്യർ അറയ്ക്കൽ: ഇതിൽ ഒരു സംശയമുണ്ട്. അതായത് 'has ceased to be employed' ജോലി അദ്ദേഹം രാജിവച്ചുപോവുകയോ ജോലി നഷ്ടപ്പെടുകയോ ചെയ്താൽ എന്ത് സംഭവിക്കുമെന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തമായ അഭിപ്രായം ഇതിനകത്തുവരുന്നില്ല. പക്ഷേ അദ്ദേഹം ഇവിടെ തുടരുമെന്നാണ് അമെൻറ്മെൻറ്കൊണ്ട് വരുന്നത്. ഇതെക്കുറിച്ചുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്. ഇങ്ങനെയൊരു സന്ദർഭം വരികയാണെങ്കിൽ എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഉദ്ദേശിക്കുന്ന ഫലം നടപ്പാക്കുമോയെന്ന് സംശയമുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): ബില്ലിനെപ്പറ്റി ഒന്നും പറയാത്തതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല.

The question that the University Laws (Second amendment) Bill, 1979 be finally passed was put and carried.

LIBRARY ARCHIVES Kerala Legislative Assembly

The Kerala University Laws (Second amendment) Bill, 1979 was finally passed.

(iii) 1979-ലെ കേരള വ്യവസായസ്ഥാപനങ്ങൾ (ദേശീയവും ഉൽസവം സംബന്ധിച്ചവയുമായ ഒഴിവുദിവസങ്ങൾ) ഭേദഗതി ബിൽ

Minister for Labour and Housing (**Sri M. K. Raghavan**): Sir, I introduce the Kerala Industrial Establishments (National and Festival Holidays) Amendment Bill, 1979.

Mr. Speaker: The Bill stands introduced.

Sri M. K. Raghavan: Sir I move that the Bill may be taken into consideration.

Minister for Finance (**Sri S. Varadarajan Nair**): Sir, I second it.

തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, ഈ ബില്ല് ഒരു ചെറിയ ക്ലാരിഫിക്കേഷനെ ഉദ്ദേശിച്ചു മാത്രമുള്ള ബില്ലാണ്. കേരളാ ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെൻറ് (നാഷണൽ ആൻറ് ഫെസ്റ്റിവൽ ഹോളിഡെയ്സ്) അമൻറുമെൻറ് ബില്ലിൽ പറയുന്നത് In sub-clause (3) of section 5 of the Kerala Industrial Establishments (National and Festival Holidays) Act, 1958 (47 of 1958) in clause (i), for the words "the month" the words "the thirty working days" shall be substituted. അതാണ് ഇതിൻെറ സംക്ഷിപ്തമായ സാരം. പീസ് റേറ്റ്സ് വർക്കേഴ്സ് ഹോളിഡേയ്സിൽ പേമെൻറ് ആവശ്യപ്പെടുമ്പോൾ തലേ മാസത്തെ ശമ്പളത്തിൻെറ ശരാശരി ഒരു ദിവസത്തെകൂലി കൊടുക്കണമെന്ന വ്യവസ്ഥയാണ് ഇപ്പോൾ വച്ചിരിക്കുന്നത്. അങ്ങനെ പറയുമ്പോൾ തലേ മാസത്തിൽ പണി ദിവസം ഇല്ലാതെപോയാൽ കൂലി കൊടുക്കണ്ടെന്ന വ്യാഖ്യാനം ചില തൊഴിലുടമകൾ നടത്താറുണ്ട്. ആ ദുർവ്യാഖ്യാനത്തിനിടവരുത്താത്ത വിധത്തിൽ ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൻെറ ഇൻറൻഷൻ മുപ്പത് പണി ദിവസത്തിൻെറ ശരാശരി ഒരു ദിവസത്തെ കൂലിയെന്നുള്ളതാണ്. അതിനാണ് ഈ ഭേദഗതി കൊണ്ടു വന്നിരിക്കുന്നത്. ചില തൊഴിലുടമകൾ തർക്കമുണ്ടാക്കി. അതുമൂലം സങ്കീർണ്ണമായ തൊഴിൽത്തർക്കമുണ്ടായി. അതുകൊണ്ടാണ് അങ്ങനെയൊരു തർക്കത്തിനും സംശയത്തിനും ഇട വരുത്താത്തവിധത്തിൽ മുപ്പത് വർക്കിങ്ങ്ഡേയ്സ് എന്നു തന്നെ കൊണ്ടു വന്നിട്ടുള്ളത്. വളരെ സിംപിളായിട്ടുള്ള ഭേദഗതിയാണ്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മുപ്പത് ദിവസം പണിയില്ലാത്ത വ്യവസായം ഈ രാജ്യത്ത് വന്നാൽ കുറേക്കൂടി ബുദ്ധിമുട്ടുണ്ടാവുകയില്ലേയെന്ന സംശയമുണ്ട്. കശുഅണ്ടി വ്യവസായത്തിൽ മുപ്പതുദിവസം ജോലിയില്ലാതെ വരും. ജോലിയില്ലാതെ വന്നാൽ മുപ്പത് ദിവസത്തെ ആവറേജ് എങ്ങനെയാണ് എടുക്കുന്നത്. ഒരു ദിവസത്തെ എടുത്തിട്ട് മുപ്പത് ദിവസത്തെ പെരുക്കിയെടുത്താലേ പറ്റുകയുള്ളൂ. അല്ലെങ്കിൽ പ്രാക്ടിക്കലായിട്ട് നടത്താനൊക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly